## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2518** **09/07/2015 ൽ മറുപടിയ്ക്ക്**

## സ്കൂളുകളിലെ പ്രാഥമിക സൗകര്യങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എ.കെ. ശശീന്ദ്രൻ : | | ശ്രീ: പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) മൂത്രപ്പുരകളില്ലാത്ത സ്കൂളുകളിലെ പെൺകുട്ടികൾ വെള്ളംപോലും കുടിക്കാൻ മടിക്കുന്നത് സംസ്ഥാനത്ത് വലിയ ആരോഗ്യപ്രശ്നത്തിന് വഴി തെളിക്കുമെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;<br><br>ബി) പ്രാഥമിക സൗകര്യങ്ങൾ ഒരുക്കുന്നതിൽ വീഴ്ച വരുത്തുന്ന സ്കൂളുകളിൽ അത്തരം സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്; | (എ)<br>&<br>(ബി) | മൂത്രപ്പുരകളില്ലാത്ത സ്കൂളുകളിൽ മൂത്രപ്പുരകൾ നിർമ്മിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിച്ചിട്ടുണ്ട്.സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജനപ്രതിനിധികൾ എന്നിവരുടെ ഫണ്ട് ഉപയോഗിച്ച് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.സംസ്ഥാനത്ത് പ്രാഥമിക സൗകര്യങ്ങളുടെ അഭാവം നേരിടുന്ന 220 ജി.വി.എച്ച്.എസ്.ഇ സ്കൂളുകളിൽ കുടിവെള്ളം, ടോയ്‌ലറ്റ്, യൂറിനലുകൾ എന്നിവ നിർമ്മിക്കുന്നതിന് 2012-13 സാമ്പത്തികവർഷം 377 ലക്ഷം രൂപ പ്ലാൻഫണ്ടിൽ അനുവദിച്ചു. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി ഈ തുകയിൽ നിന്നും എല്ലാ ജില്ലാ കളക്ടർമാർക്കും അതാത് ജില്ലയിലെ സ്കൂളുകൾക്ക് വേണ്ട തുക ഡി.ഡി. യായി റീലിസ് ചെയ്തിട്ടുണ്ട്. ടി നിർമ്മാണ പ്രവൃത്തികൾ മിക്ക സ്കൂളുകളിലും പൂർത്തിയായിട്ടുണ്ട്.<br><br>ഹയർ സെക്കന്ററി സ്കൂളുകളിൽ പ്രസ്തുത സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് ഉറപ്പാക്കുന്നതിന് വകുപ്പിന്റെ മേഖല ഉപഡയറക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സ്കൂൾ ഗ്രാന്റ് ഇനത്തിൽ അനുവദിച്ച തുകയിൽ നിന്ന് പ്രാഥമിക സൌകര്യം ഒരുക്കുന്നതിന് സ്കൂളുകൾക്കും സ്വച്ഛ് ഭാരത് പദ്ധതിയിൽനിന്നുള്ള തുക വിനിയോഗിച്ച് ടോയ്‌ലറ്റുകൾ നിർമ്മിക്കുന്നതിന് എല്ലാ ജില്ലകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | വിദ്യാഭ്യാസ വകുപ്പും ആരോഗ്യവകുപ്പും ഇക്കാര്യത്തിൽ കൂട്ടായ ഉത്തരവാദിത്വം കാണിക്കുമോ? | (സി) | ആരോഗ്യ വിദ്യാഭ്യാസ വകുപ്പുകൾ സംയോജിപ്പിച്ച് പരിശോധനകളും നിർദ്ദേശങ്ങളും നൽകി വരുന്നു.<br>ജൂലൈ 31 ന് മുൻപ് വൃത്തിയും സൗകര്യവുമുള്ള ടോയ്‌ലറ്റുകൾ സ്കൂളുകളിൽ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ